# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ - 2019-ലെ ചട്ടം 65(1) പ്രകാരമുള്ള പ്രത്യേക സമിതി രൂപീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

## തദ്ദേശസ്വയംഭരണ (ആർ.എ) വകുപ്പ്

സ.ഉ(സാധാ)നം.701/2020/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം: 20.03.2020

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

പരാമർശം: 1. കുമാരപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 29.07.2019 ലെ എ 3-6184/19 നമ്പർ കത്ത്.

2. പഞ്ചായത്ത് ഡയറക്ടറുടെ 16.02.2020 ലെ PAN/13592/2019-C6(DP) നമ്പർ കത്ത്.

## ഉത്തരവ്

പ്രാദേശിക റോഡ് വികസനത്തിനായി സൗജന്യമായി സ്ഥലം വിട്ടു നൽകുന്ന ഉടമകൾക്ക് നിർമ്മാണ പ്രവർത്തനങ്ങളിൽ ഇളവുകൾ നൽകുന്നത് സംബന്ധിച്ച് 2011 -ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ ചട്ടങ്ങൾ 77 മുതൽ 81 വരെയുള്ള ചട്ടങ്ങളിൽ പ്രതിപാദിക്കുന്നുണ്ട്. പ്രസ്തുത ഇളവുകൾ നല്കുന്ന കാര്യം പരിശോധിക്കുന്നതിന് പ്രത്യേക സമിതി രൂപികരിക്കാൻ ടി നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 82 സർക്കാരിന് അധികാരം നല്കിയിട്ടുണ്ട്. ഈ അധികാരം വിനിയോഗിച്ച് പ്രസ്തുത സമിതി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കാൻ ആലപ്പുഴ ജില്ലയിലെ കുമാരപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി പരാമർശം (1) പ്രകാരം സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

കുമാരപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ആവശ്യത്തിന്മേൽ സർക്കാർ പഞ്ചായത്ത് ഡയറക്ടറുടെ സ്പഷ്ടീകരണം തേടിയിരുന്നു. ഈ കാലയളവിൽ 2011 ലെ കേരള പഞ്ചായത്ത് നിർമ്മാണ ചട്ടങ്ങൾ അസാധുവാകുകയും 2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ നിലവിൽ വരികയും ചെയ്തു. ഈ സാഹചര്യത്തിൽ പുതുതായി നിലവിൽവന്ന നിർമ്മാണ ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (2) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കി. റോഡ് വികസനത്തിനായി സൗജന്യമായി ഭൂമി വിട്ടുകൊടുത്ത ഉടമകൾക്ക് നിർമ്മാണ പ്രവർത്തനങ്ങളിൽ ഇളവനുവദിക്കുന്നതിന് ഏതെങ്കിലും ഗ്രാമപഞ്ചായത്ത് സമർപ്പിക്കുന്ന അപേക്ഷയിന്മേലോ, സ്വമേധയായോ പ്രസ്തുത ഗ്രാമപഞ്ചായത്തിലെ/എല്ലാ ഗ്രാമപഞ്ചായത്തുകളിലെയും ഇത്തരത്തിലുള്ള കെടിട്ട നിർമ്മാണ പെർമിറ്റ് അപേക്ഷകളിന്മേൽ തീരുമാനമെടുക്കുന്നതിനായി ആവശ്യമെങ്കിൽ ഒരു പ്രതേക കമ്മിറ്റി രൂപീകരിക്കാൻ 2019 ലെ കേരള പഞ്ചായത്ത് നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 65(1) സർക്കാരിന് അധികാരം നല്കുന്നുണ്ടെന്നും അതിനാൽ കുമാരപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അഭ്യർത്ഥനയുടെ അടിസ്ഥാനത്തിൽ പ്രത്യേക സമിതി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണെന്നും പഞ്ചായത്ത് ഡയറക്ടർ ശിപാർശ ചെയ്തു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ 2019 ലെ കേരള പഞ്ചായത്ത് നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 65(1) സർക്കാരിന് നല്കുന്ന പ്രത്യേക അധികാരം വിനിയോഗിച്ച്, റോഡ് വികസനത്തിനായി സൗജന്യമായി ഭൂമി വിട്ടുകൊടുത്ത ഭൂവുടമകൾക്ക് ശേഷിക്കുന്ന ഭൂമിയിൽ നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങളിൽ ഇളവനുവദിച്ച് നിർമ്മാണം നടത്തുന്നതിനായി, ടി ചട്ടങ്ങളിലെ അധ്യായം X ലെ വ്യവസ്ഥകൾ പാലിച്ച് സമർപ്പിക്കുന്ന കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷകളിന്മേൽ തീരുമാനമെടുക്കുന്നതിനായി, സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും, ആവശ്യമെങ്കിൽ, പ്രത്യേക സമിതി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. പ്രസ്തുത സമിതിയിൽ ചുവടെപ്പറയുന്നവർ അംഗങ്ങളായിരിക്കും.

1. പഞ്ചായത്ത് പ്രസിഡന്റ് - ചെയർപ്പേഴ്സൺ
2. പഞ്ചായത്ത് സെക്രട്ടറി - കൺവീനർ
3. വികസന അതോറിറ്റി ചെയർപേഴ്സൺ (ഗ്രാമപഞ്ചായത്തിൽ രൂപികരിച്ചിട്ടുണ്ടെങ്കിൽ) - അംഗം
4. നഗര ഗ്രാമാസൂത്രണ വകുപ്പിലെ ജില്ലാ ഓഫീസിലെ സീനിയർ ടൗൺ പ്ലാനർ/ടൗൺ പ്ലാനർ/ ഡെപ്യൂട്ടി ടൗൺ പ്ലാനർ റാങ്കിൽ കുറയാത്ത ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ - അംഗം
5. പ്രസ്തുത പ്രദേശത്തിന്റെ അധികാരമുള്ള പൊതുമരാമത്ത് (റോഡ്സ് ) വകുപ്പിലെ എക്സിക്യൂട്ടീവ്/ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥൻ - അംഗം
6. വികസന അതോറിറ്റി ടൗൺ പ്ലാനർ/ഡെപ്യൂട്ടി ടൗൺ പ്ലാനർ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥൻ (ഗ്രാമപഞ്ചായത്തിൽ രൂപീകരിച്ചിട്ടുണ്ടെങ്കിൽ) - അംഗം
7. പ്രസ്തുത റോഡ് വികസനവുമായി ബന്ധപ്പെട്ട വകുപ്പ് അതോറിറ്റി/സ്ഥാപനം/അസോസിയേഷൻ-ന്റെ പരമാവധി 2 പ്രതിനിധികൾ - അംഗം

ഗവർണറുടെ ഉത്തരവിൻപ്രകാരം
**സജുകുമാർ എൻ**
ഡെപ്യൂട്ടി സെക്രട്ടറി

പകർപ്പ്:

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
2. ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം
3. ചീഫ് ടൗൺ പ്ലാനർ (ആസൂത്രണം), തിരുവനന്തപുരം.
4. ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്), തിരുവനന്തപുരം
5. ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് (റോഡ്സ്) വകുപ്പ്
6. റീജയണൽ ജോയിന്റ് ഡയറക്ടർ (കൊല്ലം/എറണാകുളം/കോഴിക്കോട്)
7. എല്ലാ ജില്ലാ ടൗൺ പ്ലാനർമാർക്കും (ചീഫ് ടൗൺ പ്ലാനർ മുഖേന)
8. എല്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
9. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
10. പൊതുമരാമത്ത് വകുപ്പ്
11. തദ്ദേശ സ്വയംഭരണ (ആർ.ബി/ആർ.ഡി) വകുപ്പുകൾ
12. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ